# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.358

## 11.05.2017- ലെ മറുപടിക്ക്

## ഗ്രീൻ ബുക്കിലെ പദ്ധതികൾ

| ചോദ്യം<br>**ശ്രീ.എൽദോസ് കുന്നപ്പിള്ളി**<br>**ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. കെ. മുരളീധരൻ**<br>**ശ്രീ. റോജി എം. ജോൺ** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി** |
|---|---|
| (എ) ഗ്രീൻബുക്കിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികൾക്കാണ് ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയത്; | സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതി നിർവ്വഹണം ത്വരിതഗതിയിൽ ആക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 1516.88 കോടി രൂപയുടെ പദ്ധതികൾക്കാണ് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളത്. ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്യുന്നതാണ്. ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ് |
| (ബി) സാമ്പത്തിക വർഷത്തിന്റെ ആദ്യ അഞ്ചുദിവസം കൊണ്ട് ഭരണാനുമതി നൽകിയ മാതൃക, പദ്ധതി നിർവ്വഹണ കാര്യത്തിലും പുലർത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;<br><br>(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 5 കോടിയിൽ നിന്നും 10 കോടിയായും, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 10 കോടിയിലധികമുള്ള പ്രോജക്ടുകൾക്കായും നിശ്ചയിച്ചുകൊണ്ട് 18/01/2017- ലെ സ.ഉ(പി)നം.4/2017/ധന. ഉത്തരവ് പുറപ്പെടുവിക്കുകയും, വർക്കിംഗ് ഗ്രൂപ്പ്, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി നിർദ്ദേശം നൽകികൊണ്ട് 31/03/2017 - ൽ സർക്കുലർ നം. 22/2017/ധന. പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 05/04/2017 - ന് ബഹു.മുഖ്യമന്ത്രി വിളിച്ചു ചേർത്ത സെക്രട്ടറിമാരുടെ മീറ്റിംഗിൽ 60% പ്ലാൻ സ്കീമുകൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും 2017 ജൂൺ അവസാനത്തോടുകൂടിയും, വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ ജൂലൈ 2017- നും, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ സെപ്റ്റംബർ 2017 -നും RIDF പദ്ധതികൾക്ക് ഭരണാനുമതി ജൂൺ/ജൂലൈ മാസത്തോടു കൂടിയും പൂർത്തീകരിക്കണമെന്നും തീരുമാനമെടുത്തിട്ടുണ്ട്.<br><br>30/03/2017 തീയതിയിലെ 20/2017/ധന. നമ്പർ സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ പദ്ധതി ചെലവുകൾ അവസാന മാസത്തിലേയ്ക്ക് മാറ്റി വെക്കുന്നത് ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം മാർച്ച് മാസത്തിന് മുമ്പ് |

| | |
|---|---|
| | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടക്കം എല്ലാ വകുപ്പുകളും 85 ശതമാനം പദ്ധതിചെലവ് നടത്തിയിരിക്കണമെന്നും ബാക്കി 15 ശതമാനം മാർച്ച് മാസത്തിൽ ചെലവ് ചെയ്യാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം പദ്ധതിവിഹിതം ചെലവഴിക്കുമ്പോൾ അവസാന പാദത്തിലെ ചെലവ് 33 ശതമാനത്തിൽ കൂടരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br><br>പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവും ആക്കുന്നതിന് വേണ്ടി ഓരോ മാസവും ചീഫ് സെക്രട്ടറി അധ്യക്ഷനായി അതാത് വകുപ്പ് സെക്രട്ടറിമാരുടെ പദ്ധതി അവലോകന യോഗം ചേരാറുണ്ട്. ഇതുകൂടാതെ ഓരോ പദ്ധതികൾക്കും വകയിരുത്തിയ പദ്ധതി വിഹിതവും അതിനു ചെലവായ തുകയും നിരീക്ഷിക്കുന്നതിന് പ്ലാൻ സ്പേസ് എന്ന മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം-II

# ബഡ്ജറ്റ് 2017-18 ഗ്രീൻ ബുക്ക് വിഹിതം - മേഖല/ഉപമേഖല തിരിച്ച്

(തുക കോടിയില്)

| ക്രമ നമ്പർ | മേഖല/ഉപമേഖല | സംസ്ഥാന വിഹിതം | ഗ്രീൻ ബുക്ക് വിഹിതം |
|---|---|---|---|
| 1 | 2 | 3 | 4 |
| I | **കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും** | - | |
| 1.1 | കൃഷി | 636.82 | 137.03 |
| 1.2 | മണ്ണും ജലസംരക്ഷണവും | 102 | 0 |
| 1.3 | മൃഗ സംരക്ഷണം | 308.28 | 63.22 |
| 1.4 | ക്ഷീരവികസനം | 97.75 | 26.04 |
| 1.5 | മത്സ്യബന്ധനം | 225.58 | 264.88 |
| 1.6 | വനവും വന്യജീവിയും | 237.50 | |
| 1.7 | കാർഷിക ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം | 0.50 | 0 |
| 1.8 | കാർഷിക വിപണനം, ഭക്ഷ്യ സംഭരണവും വെയർഹൌസിംഗും | 76.22 | 0 |
| | **ആകെ** | 1684.65 | **491.17** |
| II | **ഗ്രാമവികസനം** | | |
| 1 | ഗ്രാമവികസനം | 513.72 | 0 |
| 2 | സാമൂഹ്യ വികസനവും പഞ്ചായത്തും | 459.97 | 51.67 |
| 3 | ഭൂപരിഷ്ക്കരണം | 0 | 0 |
| 2.4 | പ്രത്യേക പ്രാദേശിക പരിപാടികൾ | 404.02 | 0 |
| 2.5 | എന്.എസ്.എ.പി. | 0.03 | 0 |
| | **ആകെ** | 1377.74 | **51.67** |
| III | **സഹകരണം** | | |
| 3.1 | സഹകരണം | 124.5 | 17.25 |
| | **ആകെ** | 124.5 | 17.25 |
| IV | **ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും** | | |
| 4.1 | വലുതും ഇടത്തരവുമായ ജലസേചനം | 413.23 | 0 |
| 4.2 | ചെറുകിട ജലസേചനം | 208.56 | 0 |
| 4.3 | കമാന്റ് ഏരിയ വികസനം | 4 | 0 |
| 4.4 | വെള്ളപ്പൊക്ക തീരദേശ മേഖല മേൽനോട്ടം | 50.42 | 0 |
| | **ആകെ** | 676.21 | **0** |
| V | **ഊർജ്ജം** | | |
| 5.1 | ഊർജ്ജ വികസനം | 1565.25 | 0 |
| 5.2 | പാരമ്പര്യേതര ഊർജ്ജം | 64.04 | 0 |
| | **ആകെ** | 1629.29 | **0** |
| VI | **വ്യവസായവും ധാതുക്കളും** | | |
| 6.1 | ഗ്രാമ ചെറുകിട വ്യവസായങ്ങൾ | 404.46 | 0 |
| 6.2 | മറ്റു വ്യവസായങ്ങൾ | 482.96 | 13.44 |
| 6.3 | ധാതുക്കൾ | 1.35 | 0 |

# ബഡ്ജറ്റ് 2017-18 ഗ്രീൻ ബുക്ക് വിഹിതം - മേഖല/ഉപമേഖല തിരിച്ച്

(തുക കോടിയില്)

| ക്രമ നമ്പർ | മേഖല/ഉപമേഖല | സംസ്ഥാന വിഹിതം | ഗ്രീൻ ബുക്ക് വിഹിതം |
|---|---|---|---|
| 1 | 2 | 3 | 4 |
| 6.4 | വിവര സാങ്കേതിക വിദ്യയും ഇ - ഗവേണൻസും | 549.31 | 44.57 |
| | ആകെ | 1438.08 | 58.01 |
| VII | ഗതാഗതവും വാർത്താവിനിമയവും | | |
| 7.1 | തുറമുഖവും ലൈറ്റ് ഹൌസുകളും | 138.11 | 0 |
| 7.2 | റോഡുകളും പാലങ്ങളും | 1350.94 | 11.35 |
| 7.3 | റോഡ് ഗതാഗതം | 82.86 | 20.9 |
| 7.4 | ഉൾനാടൻ ജല ഗതാഗതം | 163.07 | 12.32 |
| 7.5 | മറ്റ് ഗതാഗത സൌകര്യങ്ങൾ | 0.1 | 0 |
| 7.6 | വിനോദസഞ്ചാരം | 342.73 | 0 |
| | ആകെ | 2077.81 | 44.57 |
| VIII | ശാസ്ത്രം, സാങ്കേതിക വിദ്യയും പരിസ്ഥിതിയും | | |
| 8.1 | ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 175.07 | 0 |
| 8.2 | ആവാസ വ്യവസ്ഥയും പരിസ്ഥിതിയും | 33.01 | 4.5 |
| | ആകെ | 208.08 | 4.5 |
| IX | സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സേവനങ്ങൾ | | |
| 9.1 | പൊതു വിദ്യാഭ്യാസം | 1678.86 | 12.50 |
| 9.2 | കലയും സംസ്കാരവും | 131.34 | 8.62 |
| 9.3 | സാങ്കേതി വിദ്യാഭ്യാസം | 248.36 | 18.5 |
| 9.4 | കായികവും യുവജനകാര്യവും | 123.74 | 0 |
| 9.5 | ശുശ്രൂഷയും പൊതുജനാരോഗ്യവും | 1314.95 | 153.90 |
| 9.6 | ശുദ്ധ ജല വിതരണവും ശുചിത്വവും | 1058.24 | 140.00 |
| 9.7 | പാർപ്പിടം | 70.92 | 0 |
| 9.8 | നഗര വികസനം | 749.65 | 19.09 |
| 9.9 | വാർത്താവിതരണവും പ്രചരണവും | 40.8 | 9.50 |
| 9.10. | തൊഴിലും തൊഴിൽ ക്ഷേമവും | 633.6 | 52.68 |
| 9.11 | പട്ടികജാതി / പട്ടിക വർഗ്ഗ/ മറ്റു പിന്നോക്ക സമുദായ / ന്യൂനപക്ഷ ക്ഷേമം / മുന്നോക്ക വിഭാഗം എന്നിവയുടെ ക്ഷേമം | 2218.58 | 401.78 |
| 9.12 | സാമൂഹ്യ സംരക്ഷണവും ക്ഷേമവും | 435.26 | 21.04 |
| 9.13 | പോഷകാഹാരം | 224.86 | 0 |
| | ആകെ | 8929.16 | 837.61 |
| X | സാമ്പത്തിക സർവ്വീസുകൾ | | |
| 10.1 | സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ | 1903.27 | 12.10 |
| 10.2 | സാമ്പത്തിക ഉപദേശവും സ്ഥിതി വിവരകണക്കുകളും | 2 | 0 |
| 10.3 | മറ്റു പൊതു സാമ്പത്തിക സർവ്വീസുകൾ | 10 | 0 |

# ബഡ്ജറ്റ് 2017–18 ഗ്രീൻ ബുക്ക് വിഹിതം – മേഖല/ഉപമേഖല തിരിച്ച്

(തുക കോടിയില്)

| ക്രമ നമ്പർ | മേഖല/ഉപമേഖല | സംസ്ഥാന വിഹിതം | ഗ്രീൻ ബുക്ക് വിഹിതം |
|---|---|---|---|
| 1 | 2 | 3 | 4 |
| | ആകെ | 1915.27 | **12.1** |
| XI | പൊതു സേവനങ്ങൾ | | |
| 11.1 | സ്റ്റേഷനറിയും പ്രിന്റിംഗും | 10 | 0 |
| 11.2 | പൊതു മരാമത്ത് പണികൾ | 76 | 0 |
| 11.3 | സിവിൽ സപ്ലൈസ് | 125.71 | 0 |
| | ആകെ | 211.71 | **0** |
| | ആകെ I മുതൽ XI വരെ | 20272.5 | 1516.88 |
| XII | തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം | 6227.50 | 0 |
| | ആകെ മൊത്തം | 26500.00 | **1516.88** |